




## ആർക്കാണ് നിർബന്ധം?

ഡോ. സി. എം. ജോയി

# കണ്ടൽ വെട്ടി ക്രിക്കറ്റ് കളിക്കാൻ

**കേരള ക്രിക്കറ്റ് അസോസ്സിയേഷൻ** ഉദയംപേരൂരിലും നെടുമ്പാശ്ശേരിക്കടുത്തും ഒരു അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിനായി സ്ഥലങ്ങൾ കണ്ടെത്തുകയും പിന്നീട് ഇടക്കൊച്ചിയിൽ കണ്ടലും നെൽപ്പാടവും കായലും നശിപ്പിച്ച് ക്രിക്കറ്റ് സ്റ്റേഡിയം പണിയാനായി സ്ഥലം വാങ്ങിയതാണ് വിവാദമായിരിക്കുന്നത്. ഈ സ്ഥലം വാങ്ങുവാൻ, സർക്കാരിന്റെ ഒരു പ്രതിനിധിയോ, സർക്കാരിന് നിയന്ത്രണമോ ഇല്ലാത്ത കേരള ക്രിക്കറ്റ് അസോസിയേഷനുവേണ്ടി കോടിക്കണക്കിന് രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി ഇളവാണ് സർക്കാർ ഉത്തരവിലൂടെ നൽകിയിരിക്കുന്നത്. (ജി. ഒ (പി) 235/2009/TD തിയ്യതി 22.10.2009) ചില സ്വകാര്യ സ്ഥലമുടമകളിൽ നിന്നും തുച്ഛമായ വിലയ്ക്ക് സ്ഥലം വാങ്ങി സെന്റിന് ഒരുലക്ഷത്തി പതിനാലായിരം രൂപയ്ക്കാണ് കെ. ഡി. എ. സ്ഥലക്കച്ചവടക്കാരിൽ നിന്നും സ്ഥലം വാങ്ങിയത്.

സെന്റിന് 1.1 ലക്ഷം വിലയുള്ള 2300.95 സെന്റ് സ്ഥലത്തിനാണ് സർക്കാർ 75% സ്റ്റാമ്പ് ഡ്യൂട്ടി വിടുതൽ നൽകി ഖജനാവിന് കോടികൾ നഷ്ടമാക്കിയിരിക്കുന്നത്. കണ്ടലുകളും പൊക്കാളി പാടങ്ങളും ചെമ്മീൻ പാടങ്ങളും അരിപ്പാകുളങ്ങളും ചതുപ്പുകളും കായലോരവും ചേർന്ന കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി വില്ലേജിലെ പാമ്പായി മൂലയ്ക്ക് സമീപം കണ്ണങ്കാട്ട് ചക്കനാട്ടുക്കരി ഭാഗത്ത് 23.95 ഏക്കർ സ്ഥലത്താണ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിനായി അരങ്ങൊരുങ്ങുന്നത്. എറണാകുളത്ത് ഈ പദ്ധതി നടപ്പായാൽ രണ്ട് അന്താരാഷ്ട്ര സ്റ്റേഡിയങ്ങളാകും.! കെ.ഡി.എ. കൈവശപ്പെടുത്തിയ ഇത്രയും സ്ഥലം സ്റ്റേഡിയത്തിനു വേണ്ടി മാത്രമാണ്. ഇനി കായലിൽ തൂണുകളിൽ റോഡും കായൽ നിരത്തി പാർക്കിംഗ് സ്ഥലങ്ങളും അനുബന്ധ റോഡുകളും മറ്റു സൗകര്യങ്ങളു

മൊരുക്കണം. ഈ ആവശ്യങ്ങൾക്കായി പ്രകൃത്യാ താഴ്ന്ന കായലോര ചതുപ്പു പ്രദേശമായതിനാലും കുളങ്ങളും പാടശേഖരങ്ങളുമായതിനാലും 23.95 ഏക്കർ സ്ഥലം നികത്തിയെടുക്കുവാൻ ആയിരക്കണക്കിന് ലോറി മണ്ണ് കേരളത്തിന്റെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന കുന്നുകളും മലകളും തകർത്ത് ഇവിടെ കൊണ്ടെത്തിക്കണം. സ്റ്റാമ്പ് ഡ്യൂട്ടി ഇളവു കൊടുക്കുന്നതിന് മുമ്പ് സർക്കാർ സ്ഥലത്തെക്കുറിച്ച് യാതൊരു ശാസ്ത്രീയ പഠനവും നടത്തിയിട്ടില്ല. സ്വകാര്യ സ്ഥാപനമായ കെ.ഡി.എയ്ക്കുവേണ്ടി ഇത്രയേറെ കോടികളുടെ നഷ്ടം ഖജനാവിന് ഉണ്ടാക്കുന്നതിന് മുമ്പ് ഒരു പരിസ്ഥിതി ആഘാത പഠനവും ഈസ്ഥലം ക്രിക്കറ്റ് സ്റ്റേഡിയത്തിന് പറ്റിയതാണോ എന്നോ, ഇതിനേക്കാൾ യോജിച്ച വേറെ സ്ഥലങ്ങൾ ക്രിക്കറ്റ് സ്റ്റേഡിയത്തിനായി കണ്ടെത്താമെന്നോ സർക്കാർ തിരക്കിയില്ല. എന്തെല്ലാം നിയമങ്ങൾ ലംഘിക്കപ്പെടേണ്ടി വരുമെന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇളവു നൽകുന്നതിന് മുമ്പ് പരിശോധിച്ചില്ല എന്നത് ജനാധിപത്യത്തിന് കളങ്കമായി അവശേഷിക്കുന്നു.

ഭരണം കയ്യിലുണ്ടെങ്കിൽ പൊതു ഇടങ്ങൾ ഏതു വിധേനയും ആർക്കും സർക്കാർ ചിലവിൽ തീറെഴുതാമെന്ന് തോന്നുന്ന രീതിയിലാണ് ഇവിടെ സർക്കാർ പ്രവർത്തിച്ചത്. ഇക്കാര്യത്തിൽ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടോ എന്ന് അന്വേഷണവിധേയമാക്കേണ്ടതുണ്ട്. റെജിസ്ട്രേഷൻ വകുപ്പും റവന്യൂ വകുപ്പും കൃഷിവകുപ്പും അറിയാതെ ഇത്തരത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകാനാവില്ല. പരിസ്ഥിതിക്കും കൃഷിക്കും കായലിനും കണ്ടലിനും കോട്ടം വരുത്തി ക്രിക്കറ്റ് സ്റ്റേഡിയം പണിയുവാനായി ഭൂമി വാങ്ങുന്നതിന് 75% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് കെ. സി. എ എന്ന ഒരു സ്വകാര്യ പാർട്ടിക്ക് എങ്ങിനെ നൽകാനായി എന്നത് ചോദ്യചിഹ്നമാണ്.

## ഇടക്കൊച്ചി നിർദ്ദിഷ്ട ക്രിക്കറ്റ് സ്റ്റേഡിയം

ഈ സ്ഥലം ഗഹനമായ പഠനങ്ങൾക്ക് വിധേയമാക്കിയതിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്.



1. 2010 സെപ്തംബർ ആദ്യ വാരത്തിൽ ഈ പ്രദേശത്ത് റൈസോഫോറ മൂക്കറനേറ്റ, റൈസോഫോറ അപ്പിക്കുലേറ്റ, ബ്രുജീറ സിലിംട്രിക്ക, അവിസിനീയ ഒഫീസിനാലിസ്, അവിസിനീയ മറൈന, അക്കാന്തസ് ഇലിസിഫോളിയസ്, അക്രോസ്റ്റിക്കം, സൊനേറേഷ്യ, കണ്ടേലിയ കണ്ടൽ തുടങ്ങിയ കണ്ടലുകളുണ്ടായിരുന്നു. ഇതുകൂടാതെ അർദ്ധ കണ്ടലുകളും, കണ്ടൽ സഹവാസികളായ നൂറുകണക്കിന് ചെടികളും കാണപ്പെട്ടിരുന്നു.
2. ഈ പ്രദേശത്ത് കണ്ടലിന്റെ അടിത്തട്ട് വ്യക്തമായി എല്ലാദിവസവും പലനേരങ്ങളിലും വേലിയേറ്റവും വേലിയിറക്കവും അനു ഭവപ്പെടുന്നുണ്ട്.
3. കണ്ടൽ സഹവാസികളായ ചെമ്മീൻ, മത്സ്യം, കക്ക, ഞണ്ട്, ഞൗനിക്ക, ആമ, പാമ്പ്, ദേശാടനപക്ഷികൾ എന്നിവ ഉണ്ടായിരുന്നു.
4. ഈ പ്രദേശം റാംസാർ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുന്ന വെമ്പനാട്ട് കായലിന്റെ ഭാഗമാണ്.
5. പൊക്കാളിപാടങ്ങളായിരുന്ന കണ്ണങ്കാട്ട് – ചക്കനാട്ടു കരിപ്രദേശം 2008 ലെ തണ്ണീർത്തട പാടശേഖര സംരക്ഷണ നിയമത്തിൻ കീഴിൽ വരുന്ന പ്രദേശമാണ്.
6. ഇവിടത്തെ കണ്ടലുകൾ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നവയാണ്.
7. ഇവിടത്തെ ജൈവവൈവിധ്യം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, നാഷണൽ ജൈവവൈവിധ്യ അതോറിറ്റി എന്നിവയുടെ കീഴിൽ വരുന്നവയാണ്.
8. ഈ പ്രദേശം ഒരു പരിസ്ഥിതി ദുർബ്ബല പ്രദേശമായി കണക്കാക്കുന്ന പ്രദേശമാണ്.
9. ഈ പഠനത്തിൽ കണ്ടെത്തിയ കണ്ടേനിയ കണ്ടൽ കേരളത്തിൽ അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതരം കണ്ടൽ സസ്യഇനമാണ്.
10. ഈ പ്രദേശം തീരദേശ പരിപാലന നിയമത്തിന്റെ കീഴിൽ വരുന്ന പ്രദേശമാണ്.
11. പാടശേഖര പ്രദേശം ക്രിക്കറ്റ് സ്റ്റേഡിയമായി മാറ്റപ്പെടുന്നതിനാൽ ഈ സ്ഥലം ഭൂവിനിയോഗ നിമയത്തിന് വിധേയമാകണം.
12. ഇതൊക്കെ കൂടാതെ ഇത്രയേറെ കോടി രൂപയുടെ ക്രിക്കറ്റ് സ്റ്റേഡിയം പണിതുടങ്ങുന്നതിന് മുമ്പുള്ള പരിസ്ഥിതി ആഘാത പഠനമോ, പബ്ലിക് ഹിയറിംഗോ മലിനീകരണ നിയന്ത്രണബോർഡ് ഇതുവരേയും നടത്തിയിട്ടില്ല.
13. ഏറെ നാളായി മലിനീകരണം മൂലം വീർപ്പുമുട്ടുന്ന കൊച്ചി കായലിന്റെ ഭാഗമായ സ്ഥലത്ത് ക്രിക്കറ്റ് ഉയർന്നു വരുമ്പോൾ കൊച്ചി കായലിന് എന്തു സംഭവിക്കും എന്നത് പഠന വിധേയമാകേണ്ടതുണ്ട്.

മുകളിൽ പറഞ്ഞ സ്ഥലം ക്രിക്കറ്റ് സ്റ്റേഡിയത്തിന് അനുയോജ്യമല്ലാത്ത നിലപാടാണ് പരിസ്ഥിതി പ്രവർത്തകർക്കുള്ളത്. ആരും എറണാകുളം ജില്ലയിൽ ക്രിക്കറ്റ് സ്റ്റേഡിയം വരുന്നതിന് എതിരല്ല. ഇടക്കൊച്ചി ഭാഗത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് കായൽ നശിക്കുന്നത് ജീവിത മാർഗ്ഗം അടയുന്നതിന് തുല്യമായിരിക്കും എന്ന് പരിസ്ഥിതി പ്രവർത്തകർ വിശ്വസിയ്ക്കുന്നു. കുന്നുകളും മലകളും നശിപ്പിച്ച് വികസനം നടത്തുന്ന യുക്തിയ്ക്ക് ചേർന്നതല്ല എന്നും വിശ്വസിയ്ക്കുന്നു.

## ജനങ്ങൾ ചിന്തിക്കുന്നത്

എറണാകുളം പട്ടണം വലിയ തോതിൽ കെട്ടിടങ്ങൾ വന്ന് വികസിച്ചപ്പോഴൊക്കെ ഭരണക്കാർ കാലാകാലങ്ങളിൽ പശ്ചിമ കൊച്ചിയെ തഴഞ്ഞു എന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ക്രിക്കറ്റ് സ്റ്റേഡിയമെന്ന വൻവികസനം ഇവിടെവന്നാൽ സ്ഥലത്തിന് വില കൂടുമെന്നും തങ്ങൾക്ക് സ്ഥലം വില്പന നടത്തി ലാ ം കൊയ്യാമെന്നും ജനങ്ങൾ കണക്കുകൂട്ടുന്നു. ആയതിനാൽ കുറച്ചൊക്കെ കണ്ടലും, കായലും, പാടവും നശിപ്പിച്ചാലും വികസനം വരട്ടെയെന്ന ചിന്തയിലാണ് ൂരിപക്ഷം ആളുകളും ഈ ചിന്താഗതി വളർന്നു വന്നിരിക്കുന്നതിനാൽ നിയമങ്ങൾ അട്ടിമറിക്കപ്പെട്ടാലും ക്രിക്കറ്റ് സ്റ്റേഡിയം വരണമെന്ന് ആഗ്രഹിക്കുന്നു. പരിസ്ഥിതിയെ കുറിച്ചോ, ാവിതലമുറയെ കുറിച്ചോ, നിയമങ്ങളെ കുറിച്ചോ ഇവിടെ വേവലാതിയില്ല. നിർദ്ദിഷ്ട ക്രിക്കറ്റ് സ്റ്റേഡിയം എല്ലാതരം വികസനവും വീട്ടുമുറ്റത്ത് എത്തിക്കുമെന്നും വലിയ ഒരു വി ാഗം ജനങ്ങളും വിശ്വസിക്കുന്നു.

## പശ്ചിമ കൊച്ചിയുടെ വികസനം



കാലാക്കാലങ്ങളിൽ കൊച്ചി ഭരിച്ച രണക്കാരാരും ശരിയായ പശ്ചിമകൊച്ചിയുടെ വികസനം വി ാവനം ചെയ്തു. ചെയ്തതോ നടപ്പാക്കിയില്ല. ഈ പ്രദേശം മത്സ്യബന്ധനവിപണന മേഖലയാണ്. സമുദ്ര ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്ന വ്യവസായങ്ങളാണ് ഇവിടെ ഏറെയും. ചുറ്റും കായലും ഇടതോടുകളും സമുദ്ര സാമീപ്യവും ഉള്ള സ്ഥലങ്ങളിൽ ശരിക്കും ഒരു കടൽക്ഷോ മോ സുനാമിയോ വന്നാൽ ശൂന്യമാകാവുന്ന പ്രദേശമാണിവിടം. എന്നാൽ കായലോരം സംരക്ഷിക്കുന്ന ജൈവമതിലുകളായ കണ്ടലുകൾ സംരക്ഷിക്കുവാൻ ആർക്കും താൽപര്യമില്ലെന്നതാണ് സത്യം. സുസ്ഥിരവികസന കാഴ്ചപ്പാടോടെയാണ് ഇടക്കൊച്ചി വികസനം നടപ്പാക്കേണ്ടത്. കൃഷിയിടങ്ങളും ചതുപ്പും നശിപ്പിച്ച് കൊച്ചിയുടെ വികസനം വിപരീത ഫലങ്ങളുണ്ടാക്കും. ചെറിയ ചെറിയ തുറമുഖങ്ങളും മൂല്യവർദ്ധിത സമുദ്ര ഉല്പന്ന വ്യവസായങ്ങൾക്ക് പ്രോത്സാഹനവുമാണ് ഈ ഭാഗത്ത് നടപ്പാക്കേണ്ടത്. അല്ലാതെ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിച്ചുള്ള വികസനം ഇടക്കൊച്ചിയെ ദുരിതത്തിലാഴ്ത്തുകയാണ് ചെയ്യുക. ഒപ്പം ഗ്രാമപ്പരദേശങ്ങളിലെ കുടിവെള്ള ക്ഷാമവും രൂക്ഷമാക്കും. പ്രകൃതിയ്ക്ക് അനുയോജ്യമായ വികസനമാണ് വേണ്ടത്. പ്രകൃതിയെ നശിപ്പിച്ച് പാടശേഖരങ്ങൾക്ക് മാറ്റം വരുത്തി കുന്നുകളും മലകളും ഇടിച്ചു നിരത്തി, കായൽനികത്തി നശിപ്പിച്ചുകൊണ്ടുള്ള വികസനമല്ല ഈ മേഖലയിൽ വേണ്ടത്. സ്ഥലവില, കൂടി ക്കിട്ടുവാൻ വേണ്ടിയുള്ള വികസനത്തിന്റെ പിന്നാലെ പോകുമ്പോൾ ഒന്നോർക്കണം നമ്മുടെ മക്കൾക്കിവിടെ ജീവിക്കേണ്ടേ? വരുന്ന തലമുറയെ ദുരിതത്തിലാഴ്ത്തി ഇടക്കൊച്ചിയിൽ ഒരു ക്രിക്കറ്റ് സ്റ്റേഡിയവുമായി വിഭാവനം ചെയ്യുന്ന വികസനപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനാകില്ല. കേരള ക്രിക്കറ്റ് അസോസിയേഷന് നിലവിലുള്ള പത്ത് നിയമങ്ങളെങ്കിലും ലംഘിച്ചുകൊണ്ട് മാത്രമാണ് ക്രിക്കറ്റ് സ്റ്റേഡിയം പണിയാനാകുക. ഇതിനായി ജനങ്ങൾ കൂട്ടുനിൽക്കരുത്. നിയമവാഴ്ച ഇഷ്ടാനുസരണം മാറ്റി മറിക്കാനുള്ളതല്ല. നിയമങ്ങളിൽ ഇളവു നൽകി സ്റ്റേഡിയം കെട്ടിപ്പൊക്കുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല. നിമയങ്ങൾ പാലിക്കുവാനുള്ളതാണ്. ഒരുകൂട്ടം ആളുകൾ സംഘം ചേർന്ന് വേണ്ടെന്ന് പറയുമ്പോൾ നിയമങ്ങൾ വേണ്ടെന്ന് വയ്ക്കുവാൻ തുടങ്ങിയാൽ അത് സമുഹത്തിനും പരിസ്ഥിതിക്കും ഭാവി തലമുറയ്ക്കും ദൂരവ്യാപകമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. ക്രിക്കറ്റ് സ്റ്റേഡിയത്തിന് എറണാകുളം ജില്ലയിൽ തന്നെ ശുദ്ധമായ ജലം ലഭിക്കാവുന്ന പരിസ്ഥിതിക്ക് വലിയ കോട്ടം വരുത്താത്ത വാഹന ഗതാഗതം കുരുക്കിലേക്ക് നയിക്കാത്ത പാർക്കിംഗ് സൗകര്യങ്ങളും യാത്രാസൗകര്യങ്ങളുമുള്ള മറ്റനേകം സ്ഥലങ്ങൾ ല ്യമാണെന്നിരിക്കെ എല്ലാം നശിപ്പിക്കും നിയമങ്ങളെ നോക്കുകുത്തികളാക്കിയും ഇടക്കൊച്ചിയിൽ കെ. സി. എ വാങ്ങിയ സ്ഥലത്ത് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം പണിയാതിരിക്കുകയാണ് നല്ലത്.